# ലോഗോസ് പഠനസഹായി - 2022
# കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം 9-16

പാലെയോപ്പൊണേസൂസിനു തെക്കുകിഴക്ക്, കൊറിന്ത്യൻ കടലിനു കിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്ന ഗ്രീസിലെ വാണിജ്യ പ്രാധാന്യമുള്ള തുറമുഖ പട്ടണമായിരുന്നു കോറിന്തോസ്. ഗ്രീസിന്റെ പ്രകാശമെന്നാണ് കോറിന്തോസിനെ സിസറോ വിശേഷിപ്പിക്കുന്നത്. യൂറോപ്പിൽനിന്ന് ഏഷ്യയിലേക്കുള്ള എളുപ്പവഴി കോറിന്തോസിലൂടെയായിരുന്നു. വാണിജ്യപരവും വ്യാവസായികവും മതപരവുമായ കാരണങ്ങളാൽ നാനാ വിഭാഗത്തിലുംപെട്ട ആളുകൾ കോറിന്തോസിൽ വാസമുറപ്പിച്ചിരുന്നു. ഗ്രീക്കുദേവന്മാരുടെ ദേവാലയങ്ങൾ, അതുമായി ബന്ധപ്പെട്ട ദേവദാസിസമ്പ്രദായം, കായികമേളകൾ, അധാർമികനിലപാടുകൾ എന്നിവയെല്ലാം കോറിന്തോസ് നഗരത്തിന്റെ ആകർഷകഘടകങ്ങളായിരുന്നു. എ.ഡി. 50-കളിൽ ഇവിടെ യഹൂദകോളനികൾ ഉടലെടുക്കുകയും സിനഗോഗ് സ്ഥാപിതമാകുകയും ചെയ്തു. രണ്ടാം പ്രേഷിത യാത്രയിലാണ് പൗലോസ് കോറിന്തോസ് സന്ദർശിച്ചത് (അപ്പ 18,1-8). തദവസരത്തിൽ പ്രിഷില്ല, തീത്തോസ്, ക്രിസ്പോസ് തുടങ്ങിയ വരെ ശിഷ്യപ്പെടുത്തുകയും അനേകരെ മാനസാന്തരപ്പെടുത്തുകയും ചെയ്തു (അപ്പ 18,7-11; 1 കോറി 1,14). കോറിന്തോസിലെ ക്രിസ്ത്യാനികളിൽ നല്ലൊരുഭാഗം ദരിദ്രരും താഴ്ന്ന വർഗക്കാരും അറിവുകുറഞ്ഞവരും (1 കോറി 1,26-29) ശിഷ്ടഭാഗം ധനവാന്മാരും ജ്ഞാനികളും (1,10-16) യഹൂദരിൽനിന്നു മനസ്സുതിരിഞ്ഞവരു മായിരുന്നിരിക്കണം(അപ്പ 18,4 .5). വൈവിധ്യമാർന്ന സഭാസമൂഹത്തിനാണ് അപ്പസ്തോലൻ എഴുതുന്നത്. ലേഖനരചനയ്ക്കുകാരണം പ്രധാനമായും ക്ലോയേയുടെ ആളുകൾ കോറിന്തോസിൽ യാത്രചെയ്തു മടങ്ങി യപ്പോൾ സഭയെക്കുറിച്ചു നല്കിയ വിവരങ്ങളും (1,11) കോറിന്തോസുകാർ പൗലോസിനോടു ചോദിച്ച ചോദ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ഉത്തരങ്ങളും സുവിശേഷാധിഷ്ഠിതമായ പ്രതികരണങ്ങളുമാണ്. അതി നാൽ, കോറിന്തോസുകാർക്കെഴുതിയ ഒന്നാംലേഖനം പല ലേഖനങ്ങൾ ചേർന്നതാണെന്ന് ചിന്തിക്കാനിട യുണ്ട്. ഒന്നാം ലേഖനം എഫേസോസിൽവച്ച് (എ.ഡി. 54-55) ഒരു വസന്തകാലത്ത് എഴുതി എന്ന് അപ്പ സ്തോലൻതന്നെ സാക്ഷ്യപ്പെടുത്തുന്നു (1 കോറി 16,8). ഇതിനുപുറമേ, വേറെ ലേഖനങ്ങൾകൂടി അപ്പ സ്തോലൻ കോറിന്തോസുകാർക്ക് അയച്ചതായി സൂചനകളുണ്ട് (1 കോറി 5,9; 2 കോറി 2,4). സഭാസമൂഹ ത്തിലെ വിഭാഗീയതകൾ (1-4), ധാർമിക അപചയങ്ങൾ (5,1-6,20), യുഗാന്തോന്മുഖമായ ജീവിതത്തിൽ വിവാ ഹം, ക്രൈസ്തവജീവിതം എന്നിവയുടെ മാനദണ്ഡങ്ങൾ (7,1-20), വിഗ്രഹാർപ്പിത ഭക്ഷണത്തോടുള്ള നില പാട് (8,1-11,1), ആരാധനക്രമത്തിലെ ക്രമക്കേടുകൾ (11,2-14,40), മരിച്ചവരുടെ ഉത്ഥാനം (15,1-58), വരദാനങ്ങ ളുടെ ഉപയോഗവും സ്നേഹത്തിലധിഷ്ഠിതമായ ക്രൈസ്തവസമൂഹവും (12-14) തുടങ്ങിയ വിഷയങ്ങൾ ഈ ലേഖനത്തിന്റെ പ്രത്യേകതകളാണ്. **ഈ വർഷത്തിലെ പഠനഭാഗമായ 9 മുതൽ 16 വരെയുള്ള അധ്യായ ങ്ങളുടെ വിശദീകരണക്കുറിപ്പുകൾ താഴെച്ചേർക്കുന്നു.**

**അവകാശവും സ്വാതന്ത്ര്യവും (9:1-27)**

9-ാം അധ്യായം പൗലോസ് തന്റെ അവകാശങ്ങൾ സാധിച്ചുകിട്ടാനായി നിരത്തുന്ന വാദഗതികളാ ണെന്നു കരുതുന്നവരുണ്ട്. എന്നാൽ താൻ പറയുന്നതിന്റെ ലക്ഷ്യം അതല്ല എന്ന് പൗലോസ് തന്നെ വ്യക്ത മാക്കുന്നുണ്ട്. പ്രത്യേകം ശ്രദ്ധ ആകർഷിക്കുന്ന ഒന്നു രണ്ടു കാര്യങ്ങൾ മാത്രമേ നാമിവിടെ പഠനവിധേയമാ ക്കുന്നുള്ളു. തന്റെ അപ്പസ്തോലികാധികാരത്തെ ചോദ്യം ചെയ്തവർക്കെതിരേയുള്ള മറുപടിയല്ല ഈ വാക്കു കൾ. കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനത്തിൽ അത്തരം ഒരു സാഹചര്യം പശ്ചാത്തലമായി കാണാം. എന്നാൽ ഇവിടെ എല്ലാവരും പൗലോസിന്റെ അപ്പസ്തോലികസ്ഥാനം അംഗീകരിക്കുന്നവരാണ്. അദ്ദേഹം യേശുവിനെ കണ്ടിട്ടുണ്ട് എന്നതും സഭകൾക്കു ജന്മമേകിയിട്ടുണ്ട് എന്നതുമാണ് അദ്ദേഹത്തിന്റെ അപ്പസ്തോ ലസ്ഥാനത്തിനടിസ്ഥാനമായി നിലകൊള്ളുന്നത് (9:1). അപ്പസ്തോലനെന്നനിലയിൽ പല അവകാശങ്ങളും തനിക്ക് അർഹതപ്പെട്ടതാണെന്ന് അദ്ദേഹം പറയുന്നു. പൗലോസ് തന്റെ അവകാശങ്ങൾ ഒന്നൊന്നായി എടു ത്തുനിരത്തുന്നു. ഭക്ഷണത്തിനും താമസത്തിനും കുടുംബജീവിതത്തിനും സുവിശേഷത്തിനുംവേണ്ടി മറ്റു ജോലികളിൽനിന്ന് മാറിനില്ക്കുന്നതിനും അപ്പസ്തോലനെന്നനിലയിൽ തനിക്ക് അവകാശമുണ്ട്. ''സഹോ ദരിയായ ഒരു സ്ത്രീയെ കൊണ്ടുനടക്കാൻ'' (1 കോറി 9:5) എന്ന വാക്യം ശ്രദ്ധേയമാണ്. പൗലോസ് വിവാ ഹിതനായിരുന്നോ അല്ലയോ എന്നതിനുത്തരം ഈ വാചകം നല്കുന്നില്ല. സഭാസമൂഹം അപ്പസ്തോലൻമാ രുടെ കുടുംബത്തിനുകൂടി സഹായവും സംരക്ഷണവും നല്കണം എന്നേ ഇതർഥമാക്കുന്നുള്ളൂ.

**9,5: സഹോദരിയായ ഒരു സ്ത്രീയെ:** 'സഹോദരി' (അദെൽഫേ) എന്നത് 'വിശ്വാസി' എന്ന വിശാലാർഥ

ത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. 'ഗുണേ' എന്ന ഗ്രീക്കുപദത്തിന് സ്ത്രീ എന്നും ഭാര്യ എന്നും അർഥമുണ്ട്. വിശ്വാസിനിയായ ഒരു സ്ത്രീ സഹായത്തിനായി കൂട്ടത്തിൽ ഉണ്ടായിരിക്കുക എന്നോ കൂട്ടത്തിൽ ഭാര്യ ഉണ്ടായിരിക്കുക എന്നോ ഇവിടെ അർഥാകാം.

പൗലോസും ബർണബാസും സ്വന്തമായി ഒരു തൊഴിൽ ചെയ്തു തങ്ങളുടെ ആവശ്യങ്ങൾ സാധിച്ചിരുന്നു. പ്രത്യേക ഉദ്ദേശ്യത്തോടെയായിരുന്നു അവർ ഇപ്രകാരം ചെയ്തത്. മറ്റാർക്കും ഒരു ഭാരമായിത്തീരരുതെന്നും ഇതരർക്കുകൂടി ഒരു മാതൃകയായിത്തീരണം എന്നുമായിരുന്നു ഇവരുടെ ലക്ഷ്യം.

അവകാശങ്ങൾ വേണ്ടെന്നുവയ്ക്കുന്നതിന്റെ മാതൃക സ്വജീവിതത്തിൽനിന്നുതന്നെ എടുത്തു കാണിക്കുന്നു. കോറിന്തോസുകാരും ഈ മാതൃക പിന്തുടരണം എന്നാണ് പൗലോസ് ആവശ്യപ്പെടുന്നതെന്ന് അങ്ങനെ വ്യക്തമാകുന്നു. മറ്റുള്ളവരെ നേടുന്നതിനുവേണ്ടി തനിക്കുണ്ടാകാമായിരുന്ന പല നേട്ടങ്ങളും വേണ്ടെന്നുവച്ചു. ഇതുപോലെ തങ്ങൾ ഓരോരുത്തരും തങ്ങളുടെ അവകാശങ്ങളും അർഹതകളും സഹോദരങ്ങളുടെ വളർച്ച ലക്ഷ്യമാക്കി ത്യജിക്കുവാൻ മനസ്സാകണം. 9-ാം അധ്യായം ഇക്കാര്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. എല്ലാവിധത്തിലും സ്വതന്ത്രനായിരുന്നിട്ടും പൗലോസ് യേശുക്രിസ്തുവിനെപ്രതി ഒരു ദാസനായിത്തീരുന്നു. യേശുവിന്റെ മനോഭാവം (ഫിലി 2:5) ഉൾക്കൊണ്ട പൗലോസിന്റെ ചിത്രമാണ് നാമിവിടെ കാണുക.

സുവിശേഷപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ''സുവിശേഷം നല്കുന്ന'' ചില അവകാശങ്ങളുണ്ട് (1 കോറി 9:15-18). എന്നാൽ ഈ അവകാശങ്ങൾ വേണ്ടെന്നുവച്ച് തന്റെ ജോലി പ്രതിഫലമില്ലാതെ ചെയ്യുമ്പോൾ പൗലോസിന്റെ അഭിമാനം വർധിക്കുകയാണ്. പ്രതിഫലം വാങ്ങാതെ സുവിശേഷം പ്രസംഗിച്ചു എന്നതിലുള്ള സംതൃപ്തിയാണ് പൗലോസ് ഏറ്റവും പ്രധാനമായി കണക്കാക്കിയത്. ഇതിനായി അദ്ദേഹം സുവിശേഷപ്രഘോഷണത്തോടൊപ്പം മറ്റു തൊഴിൽ ചെയ്യുകയും ചെയ്തിരുന്നു.

ദുരഭിമാനത്തിനുള്ള സ്വാതന്ത്ര്യമായി പൗലോസ് ഇതിനെ കാണുന്നില്ല, എല്ലാവരിലും നിന്ന് സ്വതന്ത്രനായിരിക്കെത്തന്നെ വളരെപ്പേരെ നേടേണ്ടതിനു പൗലോസ് എല്ലാവരുടെയും ദാസനാവുന്നു. ദാസൻ അവകാശങ്ങൾ ഇല്ലാത്തവനാണ്. ദാസനു കടമകൾ മാത്രമേയുള്ളൂ. യേശുക്രിസ്തുവിന്റെ ദാസൻ എന്നാണ് പൗലോസ് സ്വയം പരിചയപ്പെടുത്തിയിരുന്നത്. പ്രസ്ഥാനങ്ങളുടെയോ ആശയങ്ങളുടെയോ, വ്യക്തികളുടെയോ ഒന്നും ദാസനാകാതിരിക്കുന്നവനേ യേശുക്രിസ്തുവിന്റെ ദാസനാകാൻ കഴിയൂ. 1 കോറി 6:12ൽ പൗലോസ് ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ഒന്നും തന്നെ അടിമപ്പെടുത്താൻ താൻ സമ്മതിക്കില്ല. സ്വാതന്ത്ര്യത്തെ സംബന്ധിച്ച പൗലോസിന്റെ വീക്ഷണം ഇവിടെ വ്യക്തമാണ്. തീവ്രമായ പരിശീലനവും വ്യക്തമായ നിഷ്ഠയും ഉന്നതമായ ലക്ഷ്യവും ഉണ്ടായാൽ മാത്രമേ ഇതു സാധിക്കൂ. പൗലോസ് തന്റെതന്നെ ജീവിതത്തിൽനിന്ന് ഇതു വ്യക്തമാക്കുന്നു.

**വിഗ്രഹാർപ്പിത ഭക്ഷണം (10:1-33)**

10-ാം അധ്യായത്തിൽ വീണ്ടും വിഗ്രഹാർപ്പിത ഭക്ഷണം സംബന്ധിച്ച പ്രബോധനം തുടരുകയാണ്. തങ്ങളുടെ ന്യായമായ അവകാശം (മാംസം ഭക്ഷിക്കാൻ) തങ്ങൾക്കു ലഭിക്കണം എന്നു നിർബന്ധം പിടിച്ചവരെ സ്വന്തം മാതൃകവഴി പുതിയ ചിന്താധാരയിലേക്കു നയിച്ചശേഷം ഇസ്രായേലിന്റെ ജീവിതാനുഭവം എന്തു പാഠം നല്കുന്നു എന്ന് പൗലോസ് പഠിപ്പിക്കുന്നു. വിഗ്രഹങ്ങളെ ഭയപ്പെടേണ്ട, കാരണം ഏകദൈവമേയുള്ളൂ എന്ന് ഏവരും സമ്മതിക്കും. എങ്കിലും വിഗ്രഹാരാധനയോട് ഒത്തുപോകുന്ന ചില ആഘോഷപരിപാടികൾ നമ്മെ വഴിതെറ്റിച്ചേക്കും. സീനായ്മലയുടെ അടിവാരത്തു നടന്ന വിഗ്രഹാരാധനയെ (പുറ 32,4-6) നേരിട്ടു പ്രതിപാദിക്കാതെ ''തിന്നാനും കുടിക്കാനും ഇരിക്കുകയും നൃത്തം ചെയ്യാൻ എഴുന്നേല്ക്കുകയും ചെയ്തു'' (1 കോറി 10:7) എന്ന് ആലങ്കാരികമായി പറഞ്ഞിരിക്കുന്നു. ഇസ്രായേലിന്റെ പുറപ്പാട് അനുഭവത്തിലെ വിവിധകാര്യങ്ങൾ ഇവിടെ എടുത്തുപറഞ്ഞിട്ടുണ്ട്. ഇസ്രായേലിന്റെ തിരഞ്ഞെടുപ്പും അവർക്കു നല്കപ്പെട്ട പ്രത്യേകദാനങ്ങളുമാണ് ആദ്യഭാഗത്തു പ്രതിപാദിച്ചിരിക്കുന്നത്. പുറപ്പാടിന്റെ അനുഭവങ്ങളെ ക്രിസ്തുവുമായി ബന്ധപ്പെടുത്തിയാണ് പൗലോസ് കാണുന്നത്. ഇസ്രായേലിന്റെ ജീവിതത്തിൽ സംഭവിച്ചവയെ പുതിയ ഇസ്രായേലിന്, കോറിന്തോസിലെ സഭാംഗങ്ങൾക്ക്, ഒരു പാഠമായി പൗലോസ് ചൂണ്ടിക്കാണിക്കുന്നു.

**10,4: ആത്മീയശില:** പാറയിൽനിന്ന് ഒരിക്കൽ വെള്ളം ലഭിച്ച പരാമർശമേ നിയമഗ്രന്ഥത്തിലുള്ളൂ (പുറ 17,6; സംഖ്യ 20,7.11). എന്നാൽ റബ്ബിമാരുടെ വ്യാഖ്യാനങ്ങളിൽ, ഇസ്രായേൽ ജനത്തെ അവരുടെ മരുഭൂമിയാത്രയിൽ ഉടനീളം പിന്തുടർന്ന ഒരു അരുവിയായി ഇതിനെ ചിത്രീകരിച്ചിട്ടുണ്ട്. പൗലോസ് ഇതിനെ പ്രതീകമായയെ

ടുത്ത് അവരുടെ യാത്രയിൽ അവരെ അനുഗമിച്ച ക്രിസ്തുവാകുന്ന പാറയായി ചിത്രീകരിക്കുന്നു.

**ആ ശിലയാകട്ടെ, ക്രിസ്തുവായിരുന്നു:** ജീവജലത്തിന്റെ ഉറവയാണ് ക്രിസ്തു. ദൈവത്തെ പാറയായി യഹൂദപാരമ്പര്യം വിശേഷിപ്പിക്കുന്നുണ്ട് (cf. നിയ 32,4.15.18.30.31; 2 സാമു 22,3).

ആറു കാര്യങ്ങൾ ഇവിടെ പഴയനിയമ പ്രതീകങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. മേഘം, കടൽ, മന്ന, പാറയിൽനിന്നുള്ള ജലം, പാറ, ദൈവനിഷേധം എന്നിവയെ യഥാക്രമം ജ്ഞാസ്നാനം, വിശുദ്ധ കുർബാനയിലെ അപ്പം, വിശുദ്ധകുർബാനയിലെ വീഞ്ഞ്, ക്രിസ്തു, വിജാതീയ ദേവാലയങ്ങളിലെ ആഘോഷം എന്നിവയുടെ സ്ഥാനത്ത് പൗലോസ് കാണുക. പുറപ്പാടനുഭവത്തിലും ക്രിസ്തുസംഭവത്തിലും എപ്രകാരം ദൈവത്തിന്റെ രക്ഷാകരമായ ഇടപെടൽ നടന്നു എന്ന സൂചനയാണ് പൗലോസ് ഇവിടെ നല്കുന്നത്.

10-ാം അധ്യായത്തിന്റെ അവസാനഭാഗം വിഗ്രഹാർപ്പിത ഭക്ഷണത്തിലെ പങ്കുചേരലിന് പുതിയ അർഥം നല്കുന്നു. ക്രൈസ്തവർ വിശുദ്ധ കുർബാനയിൽ പങ്കുചേർന്ന് ഒരേ അപ്പത്തിൽനിന്ന് സ്വീകരിച്ച് ഒന്നാകുന്നവരാണ്. ''ഒരു ശരീരമാണ്'' (10:17) എന്ന പ്രബോധനം വി. കുർബാനാനുഭവത്തിന്റെ അടിസ്ഥാന ഭാവങ്ങളിലേക്ക് നയിക്കുന്നതാണ്. സ്ത്രീപുരുഷബന്ധത്തിൽ ''ഒരു ശരീരമായിത്തീരൽ'' എപ്രകാരം ഒരു അഭേദ്യമായ ബന്ധം സ്ഥാപിക്കുന്നു എന്ന് പൗലോസ് പഠിപ്പിക്കുന്നുണ്ട്. ഇത്തരം ഒരു ബന്ധം വിശുദ്ധ കുർബാനയുടെ പങ്കുചേരലിലും ഉള്ളതായി ഇവിടെ എടുത്തുകാണിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തോടും രക്തത്തോടും മാത്രമുള്ള ഒന്നാകലല്ല ഇവിടെ വിവക്ഷിക്കുന്നത്. മറിച്ച് സഭാംഗങ്ങൾ മുഴുവൻ ഒരു ശരീരമായിത്തീരുകയാണ്. വീജാതീയരുടെ ബലിയിൽ പങ്കുപറ്റുന്നത് എപ്രകാരം വ്യഭിചാരമായിത്തീരുന്നു എന്നു മനസ്സിലാക്കാൻ ഈ പ്രബോധനം ഉപകരിക്കും.

**10,20: പിശാചുക്കൾക്കാണ്:** 'ദിയമോണിയോൺ' എന്ന ഗ്രീക്കു പദത്തിന് ആദ്യകാലത്ത് ദൈവികശക്തി, അമാനുഷികശക്തി എന്നെല്ലാം അർഥമുണ്ടായിരുന്നെങ്കിലും പില്ക്കാലത്ത് ദുഷ്ടാരൂപികളെയാണ് ഇത് അർഥമാക്കിയിരുന്നത്. **പിശാചുക്കളുടെ പങ്കാളികളാകുന്നത്:** 'വിഗ്രഹാരാധനയിൽനിന്ന് ഓടിയകലുവിൻ' (10,14) എന്ന പ്രബോധനത്തിന്റെ തുടർച്ചയാണിത്. വിജാതീയവിശ്വാസത്തിൽനിന്ന് ക്രിസ്തുവിശ്വാസത്തിലേക്കു വന്നവൻ അപ്പംമുറിക്കൽ ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനു പുറമേ പഴയ വിജാതീയ ആരാധനകളിലും പങ്കുചേർന്നിരുന്ന കാര്യം ശക്തമായി എതിർക്കുകയാണ് പൗലോസ് ഇവിടെ. സത്യദൈവവിശ്വാസത്തോടൊപ്പം അന്യദൈവവിശ്വാസവും ആചാരങ്ങളും കൊണ്ടുനടക്കുന്നവൻ പിശാചിനു ബലിയർപ്പിക്കുകയാണല്ലോ! അതിനാൽ, വിജാതീയരുടെ സങ്കല്പങ്ങളെ പൈശാചികവത്കരിക്കുകയല്ല പൗലോസ് ചെയ്യുന്നത്, മറിച്ച് വിശ്വാസി മറ്റു മതങ്ങളിലെ ആചാരങ്ങൾ കൂട്ടിക്കലർത്തുന്നത് നിരുത്സാഹപ്പെടുത്തുകയാണ്.

ഇതര മതവിശ്വാസികളുടെ അതുപോലെതന്നെ സഭയിലെ അംഗങ്ങളുടെ പരസ്പരബന്ധത്തെ സംബന്ധിച്ചും ഈ പ്രബോധനം പ്രതിപാദിക്കുന്നുണ്ട്. വിശുദ്ധ കുർബാനയാണ് ക്രൈസ്തവ ഐക്യത്തിന്റെ അടിസ്ഥാനം. ഒരേ അപ്പത്തിൽ പങ്കുപറ്റാൻ കഴിയാത്ത ക്രൈസ്തവസമൂഹം ക്രൈസ്തവമോ സമൂഹമോ ആകുന്നില്ല. ഒരേ അപ്പം പങ്കിടുന്നവർക്ക് രണ്ടായി നില്ക്കാനും കഴിയുകയില്ല. കാരണം അവർ ഒരു ശരീരമായിത്തീരുന്നു. വിവാഹത്തിന്റെ അവിഭാജ്യതപോലെ തന്നെയാണ് ഒരേ അപ്പം പങ്കിടുന്ന ക്രൈസ്തവസമൂഹത്തിലെ അംഗങ്ങളുടെ അവിഭാജ്യതയും. വിവാഹബന്ധം ഒരു ജീവിതപങ്കാളിയുമായി ഒന്നായിത്തീരാൻ കാരണമാകുമ്പോൾ വിശുദ്ധ കുർബാനാനുഭവം സഭാംഗങ്ങളെല്ലാവരോടും ലോകത്തോടു മുഴുവനും ഒന്നായിത്തീരാൻ ഒരുവനു ഇടവരുത്തുന്നു. പ്രപഞ്ചം മുഴുവനെയും സ്വന്തമാക്കുകയും മുഴുപ്രപഞ്ചത്തോട് ഒന്നാകുകയും ചെയ്യുന്ന വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ഉപദേശത്തിലേക്കാണ് പൗലോസിന്റെ ശ്രദ്ധ തുടർന്നു തിരിയുന്നത്.

സഭാജീവിതത്തിലെ അനുദിന പ്രശ്നങ്ങളും അവയുടെ പരിഹാരങ്ങളും ദൈവശാസ്ത്രജ്ഞന്റെയും അജപാലകന്റെയും കണ്ണോടെ വിലയിരുത്തി തിരുത്തലുകൾ നല്കുകയായിരുന്നു കഴിഞ്ഞ അധ്യായങ്ങളിൽ പൗലോസ് ചെയ്തത്. 1 കോറി 11-14 അധ്യായങ്ങൾ സഭാജീവിതത്തിലെ ഒരു പ്രത്യേക ഘടകത്തെ മാത്രം കേന്ദ്രീകരിച്ചു നില്ക്കുന്നതായിക്കാണാം. സഭ സമ്മേളിക്കുമ്പോൾ അതു നേരിടേണ്ട പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളുമാണിവിടെ പഠനവിഷയം.

11-ാം അധ്യായം രണ്ട് വിഷയങ്ങളാണ് പരാമർശിക്കുക:

(1) സ്ത്രീപുരുഷന്മാരും ആരാധനാവേളയിലെ പ്രാർഥനയും

(2) കർത്താവിന്റെ അത്താഴത്തിൽ ദരിദ്രരും ധനികരും

**(1) സ്ത്രീപുരുഷന്മാരും ആരാധനയും (1 കോറി 11:2–16)**

ദൈവത്തെ മഹത്ത്വപ്പെടുത്തുക എന്നതു ക്രൈസ്തവ സമൂഹത്തിന്റെ ധർമമാണ്. എങ്കിലേ യോഗ്യമായ പുതിയ ആലയമായിരിക്കുവാൻ അതിനുകഴിയൂ. ദൈവത്തെ മഹത്ത്വപ്പെടുത്തുവാനുള്ള ഏറ്റവും ശ്രേഷ്ഠമായ മാർഗമാണ് ആരാധന. സമൂഹത്തിൽ നിലവിലിരുന്ന ശ്ലാഘനീയമല്ലാത്ത കാര്യങ്ങൾ ശ്ലീഹ മനസ്സിലാക്കി ആരാധനാവേളയിൽ സമൂഹത്തിന്റെ ഉചിതമായ പെരുമാറ്റ ശൈലികളെക്കുറിച്ച് ഉപദേശം നല്കുന്നു. ഈ അവസരത്തിലാണ് സ്ത്രീകൾ ശിരോവസ്ത്രം ധരിക്കുന്നതിനെപ്പറ്റി ശ്ലീഹാ പ്രതിപാദിക്കുക.

സമൂഹം ആരാധിക്കാനായി ഒന്നിച്ചുചേരുമ്പോൾ വേണ്ടതായ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് ശ്ലീഹാ തന്റെ പ്രേഷിതയാത്രയിൽ നിർദേശങ്ങൾ നല്കിയിരുന്നു. ''അധികാരത്തിന്റെ പ്രതീകമായ ശിരോവസ്ത്രം'' ആരാധനാവേളയിൽ സ്ത്രീയ്ക്ക് ഉണ്ടായിരിക്കട്ടെ എന്നതാണ് പാരമ്പര്യം. താൻ നല്കിയ പാരമ്പര്യം അവർ സംരക്ഷിക്കുന്നതിൽ ശ്ലീഹാ അഭിമാനംകൊണ്ട് അവരെ പ്രശംസിക്കുന്നു. തുടർന്ന് ദൈവം-ക്രിസ്തു-പുരുഷൻ-സ്ത്രീ എന്നീ ബന്ധത്തിന്റെ തലത്തിലേക്ക് കടന്ന് പ്രശ്നത്തെ ദൈവശാസ്ത്ര വീക്ഷണത്തിലൂടെ കാണുന്നു. ''ശിരസ്സ്'' (Head) എന്നത് 'നാഥനെ'ന്നോ 'അധികാരി'യെന്നോ അർഥത്തിലല്ല, ബന്ധത്തിന്റെ തലത്തിൽ 'ഉറവിടം' 'ജീവന്റെ ഉറവിടം' എന്ന അർഥത്തിലാണ് ഗ്രഹിക്കേണ്ടത്. വാക്യങ്ങൾ 8–9 നോക്കിയാൽ സ്ത്രീ-പുരുഷനെ ശ്ലീഹാ കാണുന്നത് ബന്ധത്തിന്റെ തലത്തിലും ഒന്ന് മറ്റൊന്നിന്റെ നിലനില്പിന് അത്യന്താപേക്ഷിതമായും ശ്ലീഹാ എടുത്തുകാട്ടുന്നു. ''പുരുഷൻ ദൈവത്തിന്റെ പ്രതിച്ഛായയും മഹിമയുമാണ്. സ്ത്രീയാകട്ടെ പുരുഷന്റെ മഹിമയും'' (വാക്യം 7). ശിരോവസ്ത്രം ധരിക്കാതെ ആരാധനാലയത്തിൽ പ്രാർഥിക്കാനും പ്രവചിക്കാനുമെത്തുന്ന സ്ത്രീ ദൈവത്തെ മഹത്ത്വപ്പെടുത്തുകയല്ല, പുരുഷനെ മഹത്ത്വപ്പെടുത്തുന്നു. ദൈവാരാധനാലയത്തിൽ അത് ലജ്ജാകരമായ ഒന്നാണ്. ദൈവത്തിനുമാത്രം അർഹമായ ആരാധനാവേളയിൽ ധരിക്കാനുള്ള അധികാര ചിഹ്നമാണ് ശിരോവസ്ത്രം (വാക്യം10).

സമൂഹത്തിൽനിലകൊള്ളുന്ന ഈ പാരമ്പര്യത്തിൽനിന്നു വ്യതിചലിക്കുക വഴി വ്യക്തിഗത വികടനങ്ങൾ സമൂഹത്തിൽ രൂപംകൊള്ളും. ഈ അപകടം മനസ്സിലാക്കിയ ശ്ലീഹായുടെ വാക്കുകൾ കല്പനാരൂപത്തിലാണ്. ''സ്ത്രീ ശിരോവസ്ത്രം ധരിക്കട്ടെ'' (വാക്യം 6). പുരുഷന്മാരും തങ്ങളുടെ അവസ്ഥ അംഗീകരിക്കണം. അവരും ദൈവത്തിനർഹമായ ആരാധനനല്കണം. സഭയിൽ അംഗീകരിക്കപ്പെട്ട പാരമ്പര്യം പിന്തുടർന്നാകണം അത്. അല്ലെങ്കിൽ സഭയുടെ വിഭജനത്തിനു കാരണമാകും. അതിനാൽ ശ്ലീഹായുടെ ശക്തമായ വാക്കുകൾ ശ്രദ്ധാർഹമാണ്. ആരാധനാസമൂഹത്തിൽ ശിരോവസ്ത്രം ധരിക്കുന്ന പുരുഷൻ തന്റെ ജീവന്റെ ഉറവിടമായ ക്രിസ്തുവിനെ അവമാനിക്കുന്നു (വാക്യം 4).

**(2) കർത്താവിന്റെ അത്താഴം (1 കോറി 11:17–34)**

സാമൂഹികതലത്തിൽ വളരെയധികം അസന്തുലിതാവസ്ഥ നിലനിന്നിരുന്ന സഭയാണ് കോറിന്തോസിലേത്. പണക്കാരും പാവപ്പെട്ടവരും എന്ന തരംതിരിവായിരുന്നു ഇതിൽ ഏറ്റവും പ്രധാനം. 1 കോറി 11:17 മുതലുള്ള വാക്യങ്ങൾ ഈ വിഷയത്തോടു ബന്ധപ്പെട്ടിരിക്കുന്നു. കോറിന്തോസുകാർ സഭയായി സമ്മേളിക്കുമ്പോൾ അവിടെ വലിയ ഭിന്നിപ്പുകളുണ്ട് എന്ന് പൗലോസ് കേൾക്കാനിടയായി. പൗലോസ് അതു ഭാഗികമായി വിശ്വസിക്കുകയും ചെയ്യുന്നു. കർത്താവിന്റെ അത്താഴവിരുന്നിനു വരുമ്പോൾ പണക്കാർ പാവപ്പെട്ടവരെ അവഗണിക്കുന്നു. ഓരോരുത്തരും താന്താങ്ങൾ കൊണ്ടുവന്നിട്ടുള്ള ''അത്താഴം'' തങ്ങളുടെ സ്വന്തം കൂട്ടുകാരോടൊത്തു ഭക്ഷിക്കുന്നതുവഴി കൂട്ടായ്മ നഷ്ടമാകുകയും മുട്ടുപാടനുഭവിക്കുന്നവർ അവഗണിക്കപ്പെടുകയും ചെയ്യുന്നു. ഈ രീതി പ്രോത്സാഹിപ്പിക്കുന്നില്ല എന്നു മാത്രമല്ല തിരുത്തപ്പെടേണ്ടതുമാണെന്ന് പൗലോസ് വ്യക്തമാക്കുന്നു.

1 കോറി 11:23–26ൽ അന്ത്യാത്താഴസ്ഥാപന വാക്യങ്ങൾ അതേപടി ആവർത്തിച്ചിരിക്കുന്നു. ഈ വാക്കുകൾ സഭയുടെ ആരാധനയിൽ നിന്നെടുത്ത് ഇവിടെ ചേർത്തു എന്നുവേണം കരുതാൻ. മൂന്നു കാര്യങ്ങൾ ഇവിടെ നടക്കുന്നതായി പൗലോസ് കണ്ടെത്തുന്നു. (1) വിശുദ്ധ കുർബാന കഴിഞ്ഞുപോയ ഒരു മഹാസംഭവത്തിന്റെ അനുസ്മരണമാണ്. (2) വിശുദ്ധ കുർബാന നിലനില്ക്കുന്ന ഉടമ്പടിയാണ്. (3) വിശുദ്ധ കുർബാന വരാനിരിക്കുന്ന വലിയ യാഥാർഥ്യത്തിന്റെ പ്രഖ്യാപനമാണ്. ഈ മൂന്നുകാര്യങ്ങൾക്കും പ്രസക്തി കല്പിക്കാതെ വെറും ഭക്ഷണവും കുടിയുമായി അന്ത്യാത്താഴവിരുന്നിന്റെ ആചരണം മാറിപ്പോകുന്നതായി പൗലോസ് മനസ്സിലാക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തോടുള്ള അനാദരവാണ് വിശുദ്ധ കുർബാനയിലെ അനൈക്യം. ഒരേ അപ്പം ഭക്ഷിക്കുന്നവർ ഒന്നായിരിക്കണം എന്ന് പൗലോസ് നേരത്തെ സൂചിപ്പിച്ചതാണ്. അത്താഴവിരു

ന്നിലെ ക്രമക്കേട് ആധ്യാത്മികം മാത്രമല്ല ശാരീരികവുമായ രോഗത്തിനും-മരണത്തിനുപോലും-ഇടവരുത്തിയിരിക്കുന്നു എന്ന് പൗലോസ് പഠിപ്പിക്കുന്നു.

**11,23-25:** പുതിയനിയമത്തിലെ കർത്താവിന്റെ തിരുവത്താഴത്തെക്കുറിച്ച് എഴുതപ്പെട്ട ആദ്യത്തെ വിവരണമാണിവിടെ. സമവീക്ഷണ സുവിശേഷങ്ങളിലാണ് മറ്റു മൂന്നു വിവരണങ്ങളുള്ളത്. പൗലോസിന്റെ വിവരണം യേശുവിന്റെ സ്വയാർപ്പണത്തിനും തന്റെ ഈ പ്രവൃത്തി ആവർത്തിക്കപ്പെടണം എന്ന കല്പനയ്ക്കുമാണ് ഊന്നൽ നല്കുന്നത്.

## I. പരിശുദ്ധാത്മാവിന്റെ വരങ്ങൾ (12:1-31)

12-ാം അധ്യായം 1-11 വരെ വാക്യങ്ങളിൽ രണ്ടു കാര്യങ്ങളാണ് ചർച്ചചെയ്യുന്നത്. 12:1-3 വാക്യങ്ങൾ ആരാണ് ആത്മീയർ എന്ന് ചർച്ചചെയ്യുന്നു. തങ്ങളെല്ലാം ആത്മീയരാണെന്ന് കോറിന്തോസുകാർ കരുതിയിരുന്നു. ആത്മീയദാനങ്ങളുടെ മികവാണ് അതിനു കാരണമായി അവർ കണക്കാക്കിയിരുന്നത്. പൗലോസ് ആത്മീയർക്ക് പുതിയൊരു നിർവചനം നല്കുകയാണ്. ആത്മീയദാനങ്ങൾ (ഭാഷാവരം, പ്രവചനവരം തുടങ്ങിയവ) കൊണ്ടുമാത്രം ഒരാൾ ആത്മീയനാകണമെന്നില്ല. യേശു കർത്താവാണ് എന്ന് ഏറ്റുപറയുന്നവനാണ് ആത്മീയൻ. വിശ്വാസം സ്വീകരിച്ചവരെല്ലാം ഈ അർഥത്തിൽ ആത്മീയരാണ്.

**12,4: ദാനങ്ങൾ:** ഇതിന്റെ 'ഖരിസ്മാറ്റ' എന്ന ഗ്രീക്കുമൂലം 'ഖാരിസ്' (കൃപ) എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ആത്മീയസിദ്ധികൾ സഭയെ പടുത്തുയർത്തുന്ന സാധാരണങ്ങളോ അസാധാരണങ്ങളോ ആയ കൃപകളാണ്. ദൈവം ഇവ ഉദാരമായും സൗജന്യമായും സ്വതന്ത്രമായും നല്കുന്നു.

വിവിധവരങ്ങൾ ആത്മീയരുടെ പ്രത്യേകതയാണെന്നും അവ ഉണ്ടെന്നതിനാൽ ചിലർ മറ്റുള്ളവരെക്കാൾ പ്രധാനപ്പെട്ടവരാണെന്നും കോറിന്തോസിലെ സഭാംഗങ്ങൾ വിശ്വസിച്ചിരുന്നു. അതിനാൽ യഥാർഥ വരങ്ങളുടെ ഉറവിടം എന്ത് എന്ന് പഠിപ്പിക്കാൻ പൗലോസ് ഈ അവസരം ഉപയോഗിക്കുന്നു. വൈവിധ്യമാർന്ന വരങ്ങൾ വിവിധ ശക്തികളിൽനിന്ന് ഉത്ഭവിക്കുന്നു എന്ന് കോറിന്തോസുകാർ ചിന്തിച്ചിരിക്കാനിടയുണ്ട്. 12:4-6 വാക്യങ്ങൾ വരങ്ങളുടെ ഏക ഉറവിടത്തിലേക്കാണ് വിരൽചൂണ്ടുന്നത്. എല്ലാവരങ്ങളുടെയും ഉറവിടം ദൈവമാണ്. വിവിധങ്ങളായ ഭാവങ്ങളിലൂടെ ദൈവാരൂപി ഓരോരുത്തരിലും വെളിപ്പെടുന്നു. ഈ വെളിപ്പെടുത്തലിന്റെ പിന്നിലുള്ളത് ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ പൂർത്തീകരണവും. 12:7 വാക്യത്തെ ഇപ്രകാരം വേണം മനസ്സിലാക്കാൻ. ''പ്രോസ് തോ, സിം ഫെറോൻ'' എന്ന ഗ്രീക്കു വാക്കുകളാണ് ''പൊതുനൻമ'' എന്നു തർജമ ചെയ്യപ്പെട്ടിരിക്കുന്നത്. പൊതുനന്മ എന്നതിനേക്കാൾ ''ഉപരിനന്മ''യെന്നോ, വിശേഷണമില്ലാതെ 'നന്മ'യെന്നോ പാഠഭേദം ചെയ്യുമ്പോഴാണ് പൂർണാർഥം ലഭിക്കുന്നത്. ഇവിടെ ഉദ്ദേശിക്കുന്ന നന്മ സമൂഹത്തിന്റെയോ, സഭയുടെയോ നന്മ എന്നതിലുപരി പ്രപഞ്ചത്തിന്റെ മുഴുവൻ ഉപരി നന്മയാണ്. അതായത് യേശുവിന്റെ രക്ഷാകരാനുഭവത്തിലേക്ക് ഈ പ്രപഞ്ചം മുഴുവൻ വന്നുചേരുകയും അതിൽ പങ്കുപറ്റുകയും ചെയ്യുക എന്നതാണത്. വിവിധ രീതികളിലൂടെ ആത്മാവ് വെളിപ്പെടുമ്പോൾ ദൈവത്തിന്റെ പ്രവർത്തനം ശക്തിപ്പെടുകയും അതുവഴി രക്ഷയുടെ അനുഭവങ്ങൾ ഏവർക്കും ലഭിക്കുകയും ചെയ്യും.

12:8-11 വാക്യങ്ങൾ വിവിധ വരങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. എല്ലാ വരങ്ങളും നല്കുന്ന ദൈവം പരിശുദ്ധാത്മാവിലൂടെയാണ് അവ പ്രാവർത്തികമാക്കുന്നത്. ഇവിടെ ദൈവം അവിടത്തെ അരൂപിയിലൂടെ പ്രവർത്തിക്കുന്നു.

വിവിധ വരങ്ങൾ ദൈവം നല്കുന്നു. അഥവാ, വിവിധ രീതികളിലൂടെ ദൈവാരൂപിയുടെ പ്രവർത്തനം വെളിപ്പെടുന്നു. ഈ വെളിപ്പെടലുകളെല്ലാം തികച്ചും ദൈവാധിഷ്ഠിതമാണ്. ദൈവം തന്റെ ഇഷ്ടമനുസരിച്ചാണ് ഇവ പ്രാവർത്തികമാക്കുന്നത്. വിവിധ വരങ്ങൾ ലഭിച്ചവർ അഹങ്കരിക്കേണ്ടതോ, ലഭിക്കാത്തവർ നിരാശപ്പെടേണ്ടതോ ഇല്ല. ലഭിച്ച വരങ്ങളുടെ വൈവിധ്യമനുസരിച്ച് വ്യക്തികളുടെ പ്രാധാന്യം കൂടുകയോ കുറയുകയോ ഇല്ല. 12:12-27 വരെ വാക്യങ്ങളിൽ പൗലോസ് ഇക്കാര്യം സമർഥിക്കുന്നു.

കോറിന്തോസ് സമൂഹത്തിൽ ചിലർ തങ്ങളുടെ വരദാനലബ്ധിയിൽ അഹങ്കരിക്കുകയും ഇതരരേക്കാൾ മിടുക്കരാണെന്ന് കരുതുകയും അപരനെ പുച്ഛിച്ചുതള്ളുകയും ചെയ്തിരുന്നു എന്നുവേണം കരുതാൻ. വരങ്ങൾ ലഭിക്കാത്തവരാകട്ടെ തങ്ങൾ കഴിവില്ലാത്തവരാണെന്നും വിലയില്ലാത്തവരാണെന്നും വിചാരിച്ചിരുന്നു. വരങ്ങളിൽത്തന്നെ ചിലത് പ്രധാനപ്പെട്ടവയെന്നും മറ്റുചിലത് അപ്രധാനങ്ങളെന്നും കണക്കാക്കിപ്പോന്നു. ഇത്തരം ചിന്തകൾക്കും മനോഭാവങ്ങൾക്കും ഉത്തരം പറയുകയാണ് പൗലോസ് ഇവിടെ ചെയ്യുന്നത്.

ശരീരത്തിന്റെയും അതിലെ അവയവങ്ങളുടെയും ഉദാഹരണത്തിലൂടെയാണ് പൗലോസ് ഇതു വ്യക്തമാക്കുന്നത്. ഗ്രീക്കു ചിന്തയിൽ പ്രചാരത്തിലിരുന്ന ഒരു ഉപമയാണ് ശരീരവും അതിലെ അവയവങ്ങളും. യഹൂദചിന്തയിലും ശരീരവും അവയവങ്ങളും എന്ന പ്രതീകം നിലനിന്നിരുന്നു. എന്നാൽ ഡമാസ്ക്കസിൽ വച്ചു ലഭിച്ച വെളിപാടായിരിക്കണം പൗലോസിന്റെ ചിന്തയ്ക്ക് അടിസ്ഥാനം. ''നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ'' എന്ന യേശു വചനങ്ങൾ സഭയാകുന്ന ശരീരത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച പൗലോസിനു നല്കി. സഭയിലെ ഓരോ അംഗവും ശരീരത്തിന്റെ ഭാഗവും പ്രതീകവുമാണ്. അംഗങ്ങളെ മാറ്റി നിറുത്തിയാൽ ശരീരമില്ല. ശരീരത്തോടുചേർന്നു നില്ക്കാത്ത അംഗങ്ങളുമില്ല. 12:27ൽ പൗലോസ് ഇക്കാര്യം പ്രസ്താവിക്കുന്നു. ''നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്''.

12:28-31 വാക്യങ്ങൾ വിവിധ ശുശ്രൂഷകളെ പേരെടുത്തു പറയുന്നു. ''ഒന്നാമത്, രണ്ടാമത്'' എന്നവിധത്തിൽ പറഞ്ഞിരിക്കുന്നത് ശുശ്രൂഷകളുടെ പ്രാമുഖ്യം എടുത്തുപറയാനാണ് എന്ന് ചിലർ വാദിക്കുന്നുണ്ട്. പക്ഷേ, 12-14 അധ്യായങ്ങളുടെ മനോഭാവം എല്ലാ ശുശ്രൂഷകളും, എല്ലാ വരങ്ങളും ഒരുപോലെയാണ് എന്നതാണ്. അതിനാൽ ഒന്നാമത്, രണ്ടാമത് . . . തുടങ്ങിയ പ്രയോഗങ്ങൾ അവയുടെ പ്രാധാന്യക്രമത്തിൽ ചേർത്തിരിക്കുന്നതല്ല. ഭാഷാവരമാണ് ഏറ്റവും പ്രധാനം എന്ന് കരുതിയിരുന്ന കോറിന്തോസുകാരോട് എല്ലാം ദൈവദാനമാണെന്നും ഒന്നൊന്നിനേക്കാൾമെച്ചമല്ലെന്നും എല്ലാം പരസ്പരപൂരകങ്ങളാണെന്നും പറയുകയാണ് പൗലോസിവിടെ.

## II. സ്നേഹം സർവസ്വം (1 കോറി 13:1-13)

എല്ലാ ദാനങ്ങളെയും അതിശയിക്കുന്ന അക്ഷയമായ സ്നേഹത്തെ 13-ാം അധ്യായം അവതരിപ്പിക്കുന്നു. 13:1-3 വാക്യങ്ങൾ മഹത്തായ വരങ്ങളെയും അദ്ഭുതകരമായ കഴിവുകളെയും നിസ്വാർഥമായ കാരുണ്യപ്രവൃത്തികളെയും എടുത്തുപറയുന്നു. ഇവയെല്ലാം നല്ലതുതന്നെ. എന്നാൽ ഇവയ്ക്കെല്ലാം അടിസ്ഥാനമായി സ്നേഹമുണ്ടായേതീരൂ. 13:3ൽ പറഞ്ഞിരിക്കുന്ന കാരുണ്യപ്രവൃത്തികളെല്ലാം പരസ്നേഹപ്രവൃത്തികളാണ്. ഇവയെല്ലാമുണ്ടായാലും സ്നേഹമില്ലെങ്കിൽ ഒരു പ്രയോജനവുമില്ല എന്ന പരാമർശം ശ്രദ്ധേയമാണ്. പരസ്നേഹമെന്നതുപോലെ ദൈവസ്നേഹവും ഇവിടെ പ്രസക്തമാണ്. 4-7 വാക്യങ്ങളിൽ സ്നേഹത്തിന്റെ 15 ഗുണങ്ങൾ പറയുന്നു. അറിവും പ്രവചനവുമെല്ലാം അപൂർണമാണ്. പൂർണത സ്നേഹത്തിനുമാത്രമേയുള്ളൂ. പക്വതയിലേക്കും പൂർണതയിലേക്കും വളരാനുള്ള ക്ഷണമാണ് പൗലോസിന്റെ കോറിന്തോസ് ലേഖനത്തിന്റെ മറ്റൊരു പ്രത്യേകത (1 കോറി 3:1-2; 13:11). പക്വതയിലേക്കു വളരാനുള്ള ആഹ്വാനമാണ് ഇവിടെ കാണുന്നത്. ഈ പക്വതയാകട്ടെ വരങ്ങളെയും ശുശ്രൂഷകളെയും അവ അർഹിക്കുന്ന പ്രാധാന്യത്തോടെ മാത്രം കണ്ട് യാഥാർഥ്യബോധത്തോടെ ജീവിതം ക്രമപ്പെടുത്തുന്നതിലാണ് അടങ്ങിയിരിക്കുന്നത്. യഥാർഥമായ അറിവും പൂർണമായ സ്നേഹവും ഒരുമിച്ചുപോകുന്നു.

**13,12: കണ്ണാടിയിലൂടെ:** പൗരാണിക കാലത്ത് കോറിന്തോസിൽ നിർമിച്ചിരുന്ന മിനുക്കിയ ലോഹക്കണ്ണാടികൾ ഗുണമേന്മയ്ക്കു പ്രസിദ്ധമായിരുന്നെങ്കിലും അതിൽ കാണുന്നതുപോലും നിഴൽമാത്രമാണ്. **അവ്യക്തമായി:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'ഐനിഗ്മ' എന്ന പദത്തിനർഥം കടങ്കഥ, പ്രഹേളിക എന്നെല്ലാമാണ്. **മുഖാമുഖം:** പഴയനിയമത്തിൽ മോശയും (നിയ 34,10) യാക്കോബും (ഉത്പ 32,31) ദൈവത്തെ മുഖാമുഖം കണ്ടു എന്നു പറയുന്നുണ്ട്. സ്വർഗത്തിൽ ദൈവത്തെ ആയിരിക്കുന്നപോലെ (1 യോഹ 3,2) നേരിൽ കാണാൻ കഴിയും. **അറിയും:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'എപ്പിഗിനോസ്ക്കോ' എന്ന പദത്തിന് പൂർണമായി അറിയുക എന്ന അർഥവുമുണ്ട്. സമഗ്രമായ അറിവാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

## III. വരങ്ങളുടെ വിനിയോഗം (14: 1-40)

14-ാം അധ്യായം പ്രവചനവരത്തെയും ഭാഷാവരത്തെയും തമ്മിൽ താരതമ്യപ്പെടുത്തുന്നു. എല്ലാ വരങ്ങളും തുല്യമാണെങ്കിലും സഭയെ പടുത്തുയർത്താനുപകരിക്കുന്നു എന്നതിനാൽ പ്രവചനവരമാണ് ഭാഷാവരത്തേക്കാൾ പ്രധാനം. ഭാഷാവരം കോറിന്തോസിൽ നിലവിലിരുന്നിരിക്കാനിടയുള്ള ഒരു പാരമ്പര്യത്തിന്റെ പിന്തുടർച്ചാരൂപമായിരിക്കാം. ഭാഷാവരത്തെ പൗലോസ് പ്രോത്സാഹിപ്പിക്കുന്നില്ല. സഹിഷ്ണുതയോടെ അതിനെ പരിഗണിക്കുന്നു എന്നേയുള്ളൂ (1 കോറി 14:18-19). എങ്കിലും വ്യക്തിപരമായ പ്രാർഥനയ്ക്ക് പൗലോസും ഭാഷാവരം ഉപയോഗിക്കുന്നു. ഭാഷാവരവും പ്രവചനവരവും മറ്റുവരങ്ങളും സഭ സമ്മേളിക്കുമ്പോൾ എപ്രകാരമാണ് ഉപയോഗിക്കേണ്ടത് എന്നതുസംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ പൗലോസ് നല്കുന്നുണ്ട്.

14-ാം അധ്യായത്തിന്റെ അവസാനഭാഗത്ത് (1 കോറി 14:34-36) സഭയിൽ സ്ത്രീകൾ നിശബ്ദരായിരി

ക്കണം എന്ന് പൗലോസ് ആവശ്യപ്പെടുന്നു. സ്ത്രീകൾക്ക് പഠിപ്പിക്കാനും പ്രവചിക്കാനും അവകാശമില്ല എന്നല്ല ഇതിനർഥം. പഠിപ്പിക്കുന്ന കാര്യങ്ങളുടെ വിശദീകരണങ്ങളും സംശയങ്ങളും തമ്മിൽത്തമ്മിൽ ചോദിച്ച്, സഭ സമ്മേളിച്ചിരിക്കുമ്പോൾ ഒച്ചവയ്ക്കുന്നതാണ് ഇവിടെ പരമാർശ വിഷയമാകുന്നത്. പുരുഷന്മാരെപ്പോലെ വേദഗ്രന്ഥം പഠിച്ചിട്ടില്ലാത്ത സ്ത്രീകൾക്ക് പലതും മനസ്സിലാകാതെ വരുന്നതു സ്വാഭാവികമാണ്. അത്തരം കാര്യങ്ങൾ വീട്ടിൽവച്ചു ഭർത്താക്കൻമാരോടു ചോദിച്ചു പഠിക്കണം എന്ന നിർദേശമാണ് പൗലോസ് നല്കുന്നത്. ഇവിടെ ഉപയോഗിച്ചിരുന്ന ഗ്രീക്കുപദം ഇതു വ്യക്തമാക്കുന്നതാണ്.

14-ാം അധ്യായം പൗലോസ് അവസാനിപ്പിക്കുന്നത് തികച്ചും ശ്രദ്ധേയമായ രീതിയിലാണ്. പ്രവാചകരെന്നോ ആത്മീയ മനുഷ്യരെന്നോ സ്വയം കരുതുന്നവരെ സംബന്ധിച്ചുള്ളവയാണ് ഈ മൂന്ന് അധ്യായങ്ങളിലെയും വിഷയങ്ങൾ എന്നു വ്യക്തം. എല്ലാക്കാര്യങ്ങളും ഉചിതമായും ക്രമമായും ചെയ്യണം എന്നതാണ് വരങ്ങളുടെ ഉപയോഗം സംബന്ധിച്ച അടിസ്ഥാന പ്രമാണം.

**14,34-36:** സ്ത്രീകളെപ്പറ്റി ഇവിടെ പറയുന്നതിനെ പലരും വ്യത്യസ്തമായാണ് സമീപിക്കുന്നത്. അന്നാളുകളിൽ നിലനിന്നിരുന്ന പുരുഷമേധാവിത്വ വ്യവസ്ഥിതിയാണ് ഇവിടെ പ്രകടമാകുന്നതെന്ന് ചിലർ കരുതുന്നു. എന്നാൽ, 11,5-ൽ സ്ത്രീകൾ പ്രവചിക്കുന്നതിനെക്കുറിച്ചു പറയുന്നതിനാൽ, ഇവിടെ സ്ത്രീകൾ മൗനംപാലിക്കണമെന്നു പറയുന്നത് പൗലോസിന്റെയല്ല, കോറിന്തോസുകാരുടെ നിലപാടാണെന്ന് മറ്റുചിലർ കരുതുന്നു. നിയമത്തിന്റെ പിൻബലവും സമൂഹത്തിന്റെ രീതികളും ഉയർത്തിക്കാട്ടി (14,34.35), തങ്ങളുടെ പക്ഷം സ്ഥാപിക്കാൻ ശ്രമിക്കുന്ന കോറിന്തോസുകാരോട് പൗലോസ് നേരിട്ടു മറുപടി പറയാതെ രണ്ടു ചോദ്യങ്ങൾ (14,36) പുരുഷന്മാരോടായി ഉന്നയിച്ച്, പുരുഷന്മാരുടെ കുത്തകയല്ല ദൈവവചനവും ദൈവാനുഭവവുമെന്നും അവർക്കെന്നപോലെ സ്ത്രീകൾക്കും സംസാരിക്കാനും പഠിപ്പിക്കാനും അവകാശമുണ്ടെന്നു വ്യക്തമാക്കുന്നു എന്നാണ് ഇവർ വ്യാഖ്യാനിക്കുന്നത്.

### ഉയിർപ്പ് എന്ന യാഥാർഥ്യം (1 കോറി 15:1-34)

ഉയിർപ്പ് എങ്ങനെ എന്നതിനേക്കാൾ കാതലായ ചോദ്യം ഉയിർപ്പുണ്ടോ എന്നതാണ്. ഉയിർപ്പില്ല എന്നു ചിലർ പറയുന്നതായി അപ്പസ്തോലൻ മനസ്സിലാക്കുകയും ചെയ്യുന്നു. മറ്റെല്ലാ ഉത്തരങ്ങൾക്കുമെന്നതുപോലെ ഇവിടെയും ക്രിസ്തു എന്ന യാഥാർഥ്യമാണ് പൗലോസിന്റെ ഉത്തരത്തിനുപിന്നിൽ. ഉയിർപ്പ് എന്ന യാഥാർഥ്യത്തെ സംബന്ധിച്ച് ദൈവശാസ്ത്രപരമായി ഒരു പ്രബോധനം എന്നതിനേക്കാൾ ജീവിതമാർഗനിർദേശകമായ ഉപദേശം ആയി വേണം ഇതിനെ കരുതുവാൻ. 15:1-2 വാക്യങ്ങൾ ഇതു വ്യക്തമാക്കുന്നു. താൻ നല്കിയ പഠനത്തിൽ അചഞ്ചലരായി നിലനിന്നാൽ വിശ്വാസത്തിന്റെ അർഥം കണ്ടെത്താനാവും. ചർച്ച ചെയ്യപ്പെടുന്ന രണ്ടു വിഷയങ്ങളുടെയും അവസാനഭാഗത്ത് പൗലോസ് ഇക്കാര്യം ആവർത്തിക്കുന്നതായി കാണാം (1 കോറി 15:33-34; 15:58).

15:1-4 വാക്യങ്ങളിൽ പൗലോസ് താൻ പ്രഘോഷിച്ചതും കോറിന്തോസുകാർ സ്വീകരിച്ചതുമായ സുവിശേഷമെന്തായിരുന്നുവെന്ന് വീണ്ടും അവരെ അനുസ്മരിപ്പിക്കുന്നു. ചരിത്രത്തിൽ സംഭവിച്ച യാഥാർഥ്യവും പരമ്പരാഗതമായി കൈമാറപ്പെട്ട വിശ്വാസവുമാണത്. കോറിന്തോസുകാർക്ക് പൗലോസ് പങ്കിട്ടുകൊടുത്ത സുവിശേഷം മറ്റനേകരുടെയും തന്റെതന്നെയും അനുഭവമാണ്. മൂന്ന് കാര്യങ്ങളാണ് ഈ സുവിശേഷത്തിന്റെ കാതൽ (1) യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു (1 കോറി 15:3). (2) അവൻ സംസ്കരിക്കപ്പെട്ടു (1 കോറി 15:4). (3) മൂന്നാം നാൾ അവൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു. (1 കോറി 15:4). ക്രിസ്തുവിന്റെ മരണത്തിനും സംസ്കാരത്തിനും അർഥം നല്കുന്നത് അവിടത്തെ ഉയിർപ്പാണ്. യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവും സംബന്ധിച്ച ഈ ഉപദേശം പരമ്പരാഗതമായി കൈമാറപ്പെട്ടതാണെന്ന് പൗലോസ് സൂചിപ്പിക്കുന്നു എന്നതുതന്നെ തികച്ചും ശ്രദ്ധേയമാണ്. 1 കോറിന്തോസ് ലേഖന രചനയുടെ കാലഘട്ടം കണക്കിലെടുക്കുമ്പോൾ യേശുവിന്റെ മരണത്തെയും ഉത്ഥാനത്തെയും സംബന്ധിച്ച ആദ്യത്തെ രേഖയാണ് ഇതെന്നു കാണാം. യേശുവിന്റെ ഉത്ഥാനത്തിനുശേഷം 20 വർഷങ്ങൾക്കുള്ളിൽ ഈ ലേഖനം എഴുതപ്പെട്ടു. ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടവരും അനുഭവിച്ചവരും ജീവിച്ചിരിക്കെത്തന്നെ ഇവ എഴുതിവച്ചു എന്നതും പ്രാധാന്യം അർഹിക്കുന്നു. വിശുദ്ധഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരുന്നതിന്റെ പൂർത്തീകരണമായാണ് ഇവ സംഭവിച്ചതെന്നും പൗലോസ് എടുത്തുപറയുന്നു (1 കോറി 15:3-4). താൻ ചർച്ചചെയ്യാൻ പോകുന്ന കാര്യങ്ങൾക്ക് അടിസ്ഥാനമായി വിശ്വാസപരവും ചരിത്രപരവുമായ രേഖകൾ പൗലോസ് നിരത്തുകയാണ്.

ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ശക്തമായ പ്രകടനമാണ് യേശുവിന്റെ ഉത്ഥാനം. ഇത് ലോക

ത്തിന് പ്രതീക്ഷപകരുന്നു. ഉത്ഥാനമില്ലെങ്കിൽ ക്രൈസ്തവവിശ്വാസ പ്രഘോഷണം അർഥശൂന്യമാകും. ചിലർ ഉയിർപ്പില്ല എന്നു പറയുമ്പോൾ അതുമൂലം അവർ ക്രൈസ്തവവിശ്വാസം എളുപ്പമാക്കിത്തീർക്കുകയല്ല, മറിച്ച് കൂടുതൽ വിഷമകരമാക്കുകയാണ്. ഉയിർപ്പില്ലെങ്കിൽ ക്രൈസ്തവാസ്തിത്വത്തിന് അർഥമില്ല.

മരിച്ചവരുടെ ഉയിർപ്പില്ല എന്ന് പറഞ്ഞകൂട്ടർ ആരാണെന്ന് അറിയുക ഇവിടെ പ്രസക്തമാണ്. ഉയിർപ്പില്ല എന്ന് പഠിപ്പിച്ചിരുന്ന യഹൂദവിഭാഗങ്ങൾ (ഉദാ: സദുക്കായർ) ക്രൈസ്തവവിശ്വാസത്തിലേക്ക് കടന്നുവന്നിരുന്നുവോ എന്ന സംശയത്തിന് ഇടം കൊടുക്കുന്ന സൂചന ഇവിടെയുണ്ട്. ''തങ്ങൾ ആത്മീയരാണ്'' എന്ന് കരുതിയിരിക്കുന്നവരുടെ നിലപാട് നാം മുമ്പു സൂചിപ്പിച്ചു. ഗ്രീക്കു തത്വചിന്തയുടെ ചുവടുപിടിച്ചുള്ള നിലപാടും പ്രസക്തമാണ്. ''ഗ്നോസ്റ്റിക്'' തത്ത്വചിന്തയുടെ അതിപ്രസരവും ഇവിടെ സ്വാധീനിച്ചിരിക്കാം. ഇവയിൽ ഏതു പശ്ചാത്തലം ഇവിടെ യോജിക്കുന്നു എന്നു വ്യക്തമല്ല.

ശരീരം ഒന്നിനും ഉപകരിക്കുന്നില്ല, ആത്മാവാണ് പ്രസക്തം എന്ന നിലപാടു സ്വീകരിച്ച ഗ്രീക്കു തത്ത്വചിന്തയാണ്, ഇവിടെ ഏറ്റവും സ്വാധീനം ചെലുത്തിയതു എന്നു കരുതിയാൽ പൗലോസിന്റെ വാദഗതി മനസ്സിലാക്കാൻ വിഷമമില്ല. എന്നാൽ താത്ത്വികമായ വിശകലനത്തെക്കാൾ തികച്ചും പ്രായോഗികവും വ്യക്തിപരവുമായ ചോദ്യങ്ങൾക്കു മറുപടിയെന്നവണ്ണമാണ് പൗലോസ് ഈ വിഷയം അവതരിപ്പിക്കുന്നത്. ക്രിസ്തുവിന്റെ ആഗമനം കാണാതെ മരിച്ചുപോയ തങ്ങളുടെ സഹോദരങ്ങൾ എപ്രകാരം രക്ഷാകരാനുഭവത്തിൽ പങ്കുചേരും എന്ന ചോദ്യത്തിനുത്തരമാണ് പൗലോസിന്റെ പ്രബോധനമെന്നുവേണം വിചാരിക്കാൻ. മരിച്ചവർ ഉയിർക്കുമെന്നും, ഉയിർത്തു രക്ഷയുടെ പങ്കുകാരാകുമെന്നും അപ്പസ്തോലൻ തറപ്പിച്ചു പറയുന്നു. ക്രൈസ്തവപ്രഘോഷണത്തിന്റെയും ജീവിതത്തിന്റെയും അടിത്തറയും അന്തഃസത്തയും അതാണ്.

ക്രിസ്തു ഉയിർത്തു എന്നതു മറ്റുപലതിനും ഉറപ്പുനല്കുന്നു. രക്ഷയുടെ ആദ്യഫലമായാണ് ക്രിസ്തു ഉയിർത്തത്. ആദ്യഫലം എങ്ങനെയോ, അങ്ങനെതന്നെ ശേഷിച്ചവയും. ക്രിസ്തുവിനെപ്പോലെതന്നെ ക്രിസ്തുവിൽ മരിച്ചവരും ഉയിർത്തെഴുന്നേല്ക്കും. ആദമെന്ന ആദ്യമനുഷ്യനിലൂടെ മരണം ലോകത്തിലേക്കു വന്നെങ്കിൽ ക്രിസ്തുവിലൂടെ ജീവനും ഉയിർപ്പും എല്ലാ മനുഷ്യർക്കും ലഭിക്കുന്നു. മരണത്തിൽ എല്ലാവരും പങ്കുപറ്റുന്നെങ്കിൽ ഉയിർപ്പിലും എല്ലാവരും പങ്കുചേരും. ക്രിസ്തുവിന്റെ ഉയിർപ്പ് മനുഷ്യവർഗത്തിന്റെ ഉയിർപ്പിന്റെ പ്രതീകമാണ്. ക്രിസ്തുവിന്റെ ഉയിർപ്പ് നിയമത്തിന്റെ പുതിയ വ്യാഖ്യാനമാണ്. മനുഷ്യരുടെ കണക്കുകൂട്ടലുകൾക്കപ്പുറമാണ് ദൈവത്തിന്റെ രക്ഷാകരപദ്ധതി എന്ന് അതു വ്യക്തമാക്കുന്നു. എല്ലാ തിന്മയുടെയും അധാർമികതയുടെയും അന്ത്യവുമാണത്.

**15,22: ക്രിസ്തുവിൽ:** ഉത്പത്തിഗ്രന്ഥത്തിലെ 'ആദാം' എന്നതിന് 'മനുഷ്യവർഗം' എന്നും 'ആദ്യ മനുഷ്യൻ' എന്നും അർഥങ്ങളുണ്ട്. ആദാമിനെ ക്രിസ്തുവിന്റെ ഒരു പ്രതീകമായാണ് അപ്പസ്തോലൻ അവതരിപ്പിക്കുന്നത്. ഈ രണ്ടു വ്യക്തിത്വങ്ങളുടെ സമാനതകളും വൈരുധ്യങ്ങളും 15,45-49-ലും റോമാ 5,12-21-ലും താരതമ്യം ചെയ്യുന്നുണ്ട്. **ജീവിപ്പിക്കപ്പെടും:** ദൈവം ജീവിപ്പിക്കും എന്നർഥം.

**15,23: ആഗമനത്തിൽ:** 'പറൂസിയ' എന്ന ഗ്രീക്കുപദത്തിന് ഗ്രീക്കുസാഹിത്യത്തിൽ സാന്നിധ്യം, ആഗമനം എന്നീ അർഥമാണുള്ളത്. രാജാവിന്റെ സന്ദർശനം സൂചിപ്പിക്കാൻ ഇതുപയോഗിച്ചിരുന്നു. ഇവിടെ ക്രിസ്തുവിന്റെ മഹത്ത്വത്തോടുകൂടിയ ആഗമനം സൂചിപ്പിക്കുന്നു. ആഗമനം (മത്താ 24,3) **അവനുള്ളവർ:** വിശ്വാസികളെയാണ് ഉദ്ദേശിക്കുന്നത് (cf. ഗലാ 5,24).

1 കോറി 15:29-ാം വാക്യം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പുതിയനിയമത്തിൽ വ്യക്തമായി വിശദീകരിക്കാൻ കഴിയാത്ത ചുരുക്കം ചില വാക്യങ്ങളിൽ ഒന്നാണിത്. 29-ാം വാക്യത്തിൽ ഒരേ കാര്യം രണ്ടുതരത്തിൽ ആവർത്തിച്ചിരിക്കുന്നു. മരിച്ചവർക്കുവേണ്ടി ജ്ഞാനസ്നാനം സ്വീകരിക്കുക എന്നതുകൊണ്ട് എന്താണർഥമാക്കുന്നതെന്ന് ഇനിയും വ്യക്തമല്ല. മാമ്മോദീസാ സ്വീകരിക്കാനാവാതെ തങ്ങളുടെ പ്രിയപ്പെട്ടവർ മരിക്കാനിടയാകുന്ന സാഹചര്യത്തിൽ അവർക്കുവേണ്ടി വേറൊരാൾ മാമ്മോദീസാ സ്വീകരിച്ചിരുന്ന പതിവ് കോറിന്തോസിൽ ഒരു പക്ഷേ നിലനിന്നിരിക്കാം. വിശുദ്ധ ഗ്രന്ഥത്തിൽ മറ്റൊരിടത്തും ഇത്തരം ഒരു കാര്യത്തെ സംബന്ധിച്ച യാതൊരു സൂചനയുമില്ല. ഇപ്രകാരം മരിച്ചയാൾക്കുപകരമായി മാമ്മോദീസാ സ്വീകരിക്കുന്നതുവഴി മരിച്ചയാൾ രക്ഷിക്കപ്പെടും എന്ന വിശ്വാസമായിരുന്നിരിക്കാം ഇതിനു പിന്നിലുണ്ടായിരുന്നത്. പില്ക്കാലത്ത് സഭ ഈ പതിവ് തുടർന്നതായി കാണുന്നില്ല. ''മരിച്ചവർ'' എന്നതിനു ''ശരീരത്തിൽ'' (മരണവിധേയമായ ''ശരീരം'') എന്ന വ്യാഖ്യാനം ചിലർ നല്കുന്നുണ്ട്. എന്നാൽ ഇത് ആ വാക്യത്തോടു നീതി പുലർത്തുന്നില്ല. കാരണം മറ്റൊരിടത്തും ''മരിച്ച'' എന്ന വിശേഷണം ഭൗതികശരീരത്തിന്റെ പര്യായമായി പൗലോസ് ഉപയോഗിക്കുന്നില്ല.

**ഉയിർപ്പിന്റെ സ്വഭാവം (1 കോറി 15:35–58)**

ഉയിർപ്പില്ലാതെ ക്രിസ്തീയ വിശ്വാസമില്ല എന്ന് സ്ഥാപിക്കുന്ന പൗലോസ് തുടർന്ന് എങ്ങനെയാണ് ഉയിർപ്പ് സംഭവിക്കുക എന്ന വിഷയമാണ് ചർച്ച ചെയ്യുന്നത്. ചോദ്യങ്ങളുടെ വ്യക്തമായ ഉത്തരങ്ങൾ എന്നതിനേക്കാൾ ചോദ്യത്തിന്റെ പ്രസക്തിയില്ലായ്മയെയാണ് പൗലോസ് എടുത്തുകാണിക്കുന്നത്. ചോദ്യത്തിനു വ്യക്തമായ ഒരുത്തരം നല്കാൻ പൗലോസിനു കഴിയില്ല എന്ന സൂചന ഇവിടെ കാണാം.

15–ാം അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളുടെ അടിസ്ഥാനമായ സാഹചര്യങ്ങളുമായി ബന്ധപ്പെട്ടതാണ് 15:35ലെ രണ്ടു ചോദ്യങ്ങളും. ഉയിർപ്പില്ല എന്നു ചിലർ വാദിക്കാൻ കാരണമായത് ഉയിർപ്പിന്റെ യഥാർഥസ്വഭാവം മനസ്സിലാക്കാൻ കഴിയാത്തതു കൊണ്ടല്ലേ എന്ന് സംശയിക്കണം. കോറിന്തോസ് ലേഖനത്തിന്റെ മുഴുവൻ കാതലായി നില്ക്കുന്ന ''ആത്മീയർ'' ഉണർത്തുന്ന പ്രശ്നം ഇവിടെ പ്രകടമാണ്. തങ്ങൾ ആത്മീയരാണ് എന്ന് കരുതിയിരുന്നവർ ശരീരത്തിന് പ്രാധാന്യം നല്കിയിരുന്നില്ല. എന്നാൽ ഇവിടെ പൗലോസ് വ്യക്തമായി സ്ഥാപിക്കുന്ന കാര്യം നശ്വരമായത് അനശ്വരത സ്വീകരിക്കും എന്നതാണ്. നശ്വരമായതിനെ നിഷേധിക്കാനോ നിരാകരിക്കാനോ പാടില്ല. അനശ്വരമായത് നശ്വരമായതിൽനിന്നാണ് ഉടലെടുക്കുക. പൗലോസ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങളെല്ലാം ഈ ആശയം അടിയുറപ്പിക്കാൻ സഹായിക്കുന്ന വിധത്തിലുള്ളവയാണ്.

പൗലോസിന്റെ ഉത്തരം രണ്ടുഭാഗം ഉൾക്കൊള്ളുന്നു. ആദ്യഭാഗത്ത് 15:36–41 വാക്യങ്ങളിൽ രണ്ടു പ്രതീകങ്ങൾ അവതരിപ്പിക്കുന്നു. തുടർന്ന് 15:42–44 വാക്യങ്ങളിൽ ഈ രണ്ടു പ്രതീകങ്ങളെയും എപ്രകാരം ഉയിർപ്പുമായി താരതമ്യപ്പെടുത്താം എന്നു പരിശോധിക്കുന്നു. ഉത്തരത്തിന്റെ രണ്ടാംഭാഗം (15: 45–49), ഉയിർപ്പ് എന്ന യാഥാർഥ്യത്തെ വിശദീകരിക്കാനെന്നപോലെതന്നെ, ആദം – ക്രിസ്തു താരതമ്യപഠനം ഉപയോഗിക്കുന്നു. ദൈവം ഈ പ്രപഞ്ചത്തെ വിവിധതരം ''ശരീര''ങ്ങളായിട്ടാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഓരോ സാഹചര്യത്തിനും അനുകൂലമായ ശരീരമാണ് ഓരോ സൃഷ്ടിക്കുമുള്ളത്. വിത്തും അതിൽനിന്ന് മുളച്ചുയരുന്ന ചെടിയും സൂചിപ്പിക്കുന്നത് ഒന്നിന് മറ്റൊന്നിലേക്കുള്ള തുടർച്ചയും അതേസമയം രണ്ടും തമ്മിലുള്ള അന്തരവുമാണ്. തുടർച്ച അന്തരം ഇല്ലാതാക്കുന്നില്ല. സൂര്യചന്ദ്രാദികളുടെ ഉപമ ഓരോ ശരീരത്തിന്റെയും പ്രത്യേകത അതിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള രീതിയിലാണ് എന്നതിൽ ഊന്നൽ കൊടുക്കുന്നു. രണ്ട് ഉപമകളിലും ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട കാര്യം ഇത് ദൈവത്തിന്റെ പദ്ധതിയാണ് എന്നതുതന്നെ. മനുഷ്യന്റെ പരിമിതമായ ബുദ്ധിക്ക് ഇതു മനസിലാക്കുക എളുപ്പമല്ല. 36–ാം വാക്യത്തിലെ ''വിഡ്ഢിയായ മനുഷ്യാ'' എന്ന സംബോധന ഇക്കാര്യം എടുത്തുപറയുകയാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ രഹസ്യമാണിത്. ക്രൈസ്തവ വിശ്വാസത്തിനു മാത്രമേ ഇക്കാര്യത്തിൽ ഉത്തരം നല്കാൻ സാധിക്കൂ. യേശുക്രിസ്തു മരിച്ചവരിൽനിന്നുയിർത്തു എന്ന പരമ്പരാഗത വിശ്വാസമാണ് അത് (15:3–4).

യേശുവിനെപ്പോലെതന്നെ പൗലോസും സുപരിചിതമായ ഒരു പ്രതീകം ഉപയോഗിച്ച് ജീവൻ മരണത്തിൽനിന്ന് എങ്ങനെ മുളച്ചുയരുന്നു എന്നു കാണിക്കുന്നു (1കോറി 15:36–38; യോഹ 12:24). മനുഷ്യപുത്രൻ മരിക്കുകയും സംസ്കരിക്കപ്പെടുകയും നവമായ ഒരു വിളവുനല്കുകയും ചെയ്യണം എന്നു പറയാനാണ് യേശു ഈ പ്രതീകം ഉപയോഗിച്ചത്. പൗലോസാകട്ടെ വിതയ്ക്കുന്ന വിത്തും അതിൽനിന്നു പൊടിച്ചു വളരുന്ന ചെടിയും തമ്മിലുള്ള വ്യത്യാസം പ്രകടമാക്കാനാണ് അത് ഉപയോഗിക്കുന്നത്. മരണത്തിനുമുമ്പുള്ള ശരീരത്തെ ''വെറുമൊരു വിത്ത്'' ആയാണ് പൗലോസ് കാണുക. ദൈവം തന്റെ ഇഷ്ടമനുസരിച്ച് ഓരോ വിത്തിനും അതിന്റേതായ ശരീരം നല്കുന്നു (1 കോറി 15:37–38). ഉയിർത്തെഴുന്നേറ്റ ശരീരം വിതയ്ക്കപ്പെട്ട വിത്തിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു തലത്തിലാണ് നില്ക്കുന്നത്.

ഉത്ഥിതശരീരം മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ എന്നിവയുടെ ശരീരങ്ങൾ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നതുപോലെ, പ്രകൃതിദത്തമായ ശരീരത്തിൽനിന്ന് വ്യത്യസ്തമാണ്. ഓരോ ശരീരത്തിനും അതിന് ഉചിതമായ ഒരു ''മഹിമ''യും പ്രകൃതിയുമുണ്ട്. ഒരേ പ്രകൃതിയിൽ പങ്കുപറ്റുന്ന ശരീരങ്ങൾ വ്യത്യസ്തമായ കാന്തിപരത്തുന്നു. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങിയവയിൽനിന്ന് ഇതു വ്യക്തമാണ്.

ഉത്ഥിതശരീരത്തെ പൗലോസ് ആത്മീയശരീരം എന്നുവിളിക്കുന്നു. ഗ്രീക്കു ചിന്തയുടെ പശ്ചാത്തലത്തിൽ, ആത്മാവും ശരീരവും പരസ്പരവിരുദ്ധങ്ങളായ രണ്ടു യാഥാർഥ്യങ്ങളാണ്. വിരുദ്ധങ്ങളായ രണ്ടിനെയും ഒന്നിൽത്തന്നെ ഉൾക്കൊള്ളുന്ന അവർണനീയമായ പ്രതിഭാസമാണ് ഉത്ഥിതശരീരം.

ഉത്ഥാനത്തെ സംബന്ധിച്ച പ്രബോധനത്തിൽ ജീവിച്ചിരിക്കുന്നവരെ സംബന്ധിച്ച ഒരു കാര്യം എടുത്തുപറയുന്നു. നാമെല്ലാവരും മരിക്കുകയില്ല. നാമെല്ലാവരും രൂപാന്തരപ്പെടും. 1 തെസ 4:15–17 നോടു

ബന്ധപ്പെട്ട ഒരു പ്രബോധനമാണിത്. എന്താണ് പൗലോസ് ഇതിൽനിന്ന് അർഥമാക്കുന്നത് എന്നു വ്യക്തമല്ല. യുഗാന്ത രചനാശൈലിയുടെ (Apocalyptic literary style) അതിപ്രസരം ഈ ആഖ്യാനത്തിൽ വ്യക്തമാണ്. യേശുവിന്റെ പ്രത്യാഗമനം വൈകില്ല എന്ന ചിന്ത ഈ വാക്കുകൾ കുറിക്കുമ്പോഴും പൗലോസിനുണ്ടായിരുന്നു എന്നുവേണം കരുതാൻ. യേശുവിനെ എതിരേല്ക്കുവാനുള്ള ശരീരത്തിന് ഇപ്പോഴുള്ള ശരീരത്തിൽനിന്ന് വ്യത്യസ്തമായ രൂപഭാവങ്ങളും സത്തയുമായിരിക്കും ഉണ്ടാവുക എന്നും അതേസമയം ഇപ്പോഴുള്ള ശരീരത്തിന്റെ തുടർച്ചയായിരിക്കും അത് എന്നും പൗലോസ് പഠിപ്പിക്കുന്നു.

യേശുവിന്റെ ഉത്ഥാനം മനുഷ്യന്റെ എല്ലാ കണക്കുകൂട്ടലുകളെയും അതിലംഘിക്കുന്നതായിരുന്നു. നിയമത്തിന്റെ പരിധികളെയെല്ലാം അതു മറികടക്കുന്നു. മരണത്തിൻമേലുള്ള വിജയം നിയമത്തിൻമേലുള്ള വിജയമാണ്. നിയമം ഉണ്ടാകുന്നതിനുമുമ്പുള്ള അവസ്ഥയിലേക്കാണ് ഉത്ഥാനം മനുഷ്യചരിത്രത്തെ കടത്തിവിടുക. ആദത്തിന്റെ പാപം രൂപം കൊടുത്ത പ്രകൃതിയുടെ പ്രതിഭാസങ്ങളെ ദൈവം യേശുവിന്റെ ഉത്ഥാനത്തിലൂടെ തിരുത്തിയെഴുതുന്നു.

ദൈവത്തിന്റെ രക്ഷാകരപദ്ധതിയെ പൗലോസ് 'രഹസ്യം' എന്നാണ് വിളിക്കുന്നത്. ഉത്ഥാനത്തെയും ഉത്ഥാനത്തിലുണ്ടാകുന്ന വസ്തുഭേദത്തെയും രഹസ്യമായാണ് പൗലോസ് കാണുക. ദൈവികപദ്ധതിയാണത് എന്നാണിവിടെ സൂചന. വിശ്വാസത്തിന്റെ കണ്ണുകളിലൂടെ ഈ യാഥാർഥ്യം കണ്ടെത്താനാവൂ. ഉത്ഥിതശരീരത്തിന് എന്നപോലെ ജീവിച്ചിരിക്കുന്നവർക്കും രൂപാന്തരീകരണം സംഭവിക്കും. ഇവിടെയും മനുഷ്യന്റെ കണക്കുകൂട്ടലുകളല്ല, ദൈവത്തിന്റെ പദ്ധതിയാണ് പ്രധാനം.

1 കോറി 15:58 ഈ പ്രബോധനത്തിന് അവസാനം കുറിയ്ക്കുന്നു. ഉത്ഥാനത്തെ സംബന്ധിച്ച പ്രബോധനം യഥാർഥ ക്രൈസ്തവജീവിതത്തിലേക്കുള്ള ക്ഷണമാണ്. മരണത്തോടെ അവസാനിക്കുന്നതല്ല ക്രൈസ്തവജീവിതം. മരണമറയ്ക്കപ്പുറത്ത് അനശ്വരമായ തുടർച്ചയുടെ ജീവിതമാണത്. വിത്തും വിത്തിൽനിന്ന് പൊട്ടിപ്പുറപ്പെട്ടു വളരുന്നചെടിയുമെന്നപോലെ ഇപ്പോഴത്തെ ജീവിതത്തോട് അതു ബന്ധപ്പെട്ടുമിരിക്കുന്നു. ഈ ലോകജീവിതത്തിനും വരാനിരിക്കുന്ന ജീവിതത്തിനും തമ്മിൽ ബന്ധമുള്ളത് ഇക്കാരണത്താലാണ്. മനുഷ്യനു പ്രത്യാശ നല്കുന്നതു യേശുവിന്റെ ഉത്ഥാനവും അത് ഉറപ്പുനല്കുന്ന ഓരോരുത്തരുടെയും ഉത്ഥാനവുമാണ്. ഉത്ഥിതമായ അനശ്വരശരീരം നശ്വരമായ ജീവിതത്തിനുമുഴുവൻ അർഥം പകരുന്ന വിജയത്തിന്റെ പതാകയാണ്.

1 കോറിന്തോസ് 15-ാം അധ്യായത്തിൽ ഗഹനമായ ദൈവശാസ്ത്രചിന്ത പങ്കുവച്ച പൗലോസ് 16-ാം അധ്യായത്തിൽ ചില പ്രായോഗികകാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ലേഖനം അവസാനിപ്പിക്കുന്നു. സഭയോടും അനുദിന ജീവിതത്തോടും ബന്ധപ്പെട്ട കാര്യങ്ങളാണ് ഇവിടെ പരാമർശവിഷയമാകുന്നത്.

ജറുസലേമിലെ സഭയിലെ പാവപ്പെട്ടവരെ സഹായിക്കുന്നതുവഴി വിശ്വസഭയുടെ ഐക്യത്തെ സൂചിപ്പിക്കുന്നു. കോറിന്തോസിലെ വിശ്വാസികൾ ഒരു ചെറിയ സമൂഹത്തിലെ അംഗങ്ങൾ മാത്രമല്ല. ആ സമൂഹത്തോട് മാത്രം അവർ ബന്ധപ്പെട്ടാൽ പോരാ, വിശ്വാസികളുടെ വിശ്വകൂട്ടായ്മയിൽ പങ്കുചേരണം. മാത്രവുമല്ല, പാവപ്പെട്ടവരെ സഹായിക്കുന്നതു വഴി പരസ്നേഹത്തെക്കുറിച്ചുള്ള യേശുവിന്റെ നിർദേശം പ്രാവർത്തികമാക്കുകയാണ്.

ഓരോരുത്തരും താന്താങ്ങളുടെ കഴിവനുസരിച്ച് സംഭാവന ആഴ്ചയിലെ ആദ്യദിവസം നല്കണമെന്ന് പൗലോസ് ഉപദേശിക്കുന്നു (16:2). ശേഖരിക്കപ്പെടുന്ന സംഭാവന ജറുസലേമിലേക്ക് കൊണ്ടുപോകാനായി കോറിന്തോസ് സഭാസമൂഹം അംഗീകരിക്കുന്ന വ്യക്തികളെ അയച്ചുകൊള്ളാം എന്ന് പൗലോസ് വാക്കുകൊടുക്കുന്നു.

തുടർന്ന് പൗലോസ് തന്റെ യാത്രാപദ്ധതികളെക്കുറിച്ചും അതിനുവേണ്ട ഒരുക്കങ്ങളെക്കുറിച്ചും എഴുതുന്നു (16:5-9). മക്കെദോനിയായിലേക്കുള്ള യാത്രയ്ക്കുശേഷം കോറിന്തോസ് സന്ദർശിക്കുമെന്നും അവിടെ കുറച്ചുനാൾ ചെലവഴിക്കുമെന്നും സൂചിപ്പിക്കുന്നു. കോറിന്തോസ് സഭാസമൂഹത്തോടുള്ള പൗലോസിന്റെ താത്പര്യവും അവിടത്തെ സാഹചര്യവുമാവാം പൗലോസിനെ ഇതിനു പ്രേരിപ്പിക്കുന്നത്. കോറിന്തോസിൽ വന്നതിനുശേഷമുള്ള യാത്രകൾക്കുവേണ്ട സഹായം (ആളും അർഥവും) ചെയ്തുതരാൻ അവിടെയുള്ള വിശ്വാസികൾക്കു സാധിക്കുമെന്ന് അദ്ദേഹം പ്രത്യാശിക്കുന്നു.

പൗലോസ് തന്റെ സഹായികളും സഹപ്രവർത്തകരുമായ തിമോത്തേയോസിനെയും അപ്പോളോസിനെയും കുറിച്ചാണ് പിന്നീട് പരാമർശിക്കുന്നത് (16:10-12). തിമോത്തേയോസ് കോറിന്തോസ് സന്ദർശിക്കുമ്പോൾ യാതൊരു മനഃക്ലേശവുമില്ലാതെ കോറിന്തോസിൽ കഴിയുവാൻ വേണ്ട അനുകൂല സാഹചര്യം

ഒരുക്കണമെന്ന് അഭ്യർഥിക്കുന്നു. കർത്താവിന്റെ ശുശ്രൂഷയിൽ വ്യാപൃതനായിരിക്കുന്നതിനാൽ അദ്ദേഹത്തെ ബഹുമാനിക്കണമെന്ന് ഓർമിപ്പിക്കുന്നു. സഹപ്രവർത്തകരെക്കുറിച്ചുള്ള പൗലോസിന്റെ താത്പര്യം ഇവിടെ വ്യക്തമാകുന്നുണ്ട്. കോറിന്തോസ് സന്ദർശിക്കുവാൻ അപ്പോളോസിനെ താൻ നിർബന്ധിച്ചുവെങ്കിലും അദ്ദേഹത്തിന് അതിനു താത്പര്യമില്ലാതിരുന്നതിനാലാണ് അദ്ദേഹം വരാതിരുന്നതെന്ന് പൗലോസ് വെളിപ്പെടുത്തുന്നു. അപ്പോളോസ് കോറിന്തോസ് സന്ദർശിക്കുവാൻ വൈമുഖ്യം പ്രകടിപ്പിച്ചത് അദ്ദേഹത്തിന്റെ പേരിൽ കോറിന്തോസ് സഭയിൽ ഗ്രൂപ്പ് ഉണ്ടായതിലുള്ള മനോവിഷമം കൊണ്ടാവാം.

അഭ്യർഥനയോടും അഭിവാദനത്തോടും കൂടി (16:13-24) പൗലോസ് ലേഖനം അവസാനിപ്പിക്കുന്നു. സൈനികമേധാവി സൈനികർക്കുകൊടുക്കുന്ന നിർദേശത്തെ ഓർമിപ്പിക്കുന്നവിധത്തിൽ പൗലോസ് വിശ്വാസികൾക്ക് ചില നിർദേശങ്ങൾ നല്കുന്നു (16:13-14). പ്രധാനമായും നാലു നിർദേശങ്ങളാണുള്ളത്. 1. ജാഗരൂകരായിരിക്കുക; 2. വിശ്വാസത്തിൽ ഉറച്ചുനില്ക്കുക; 3. പൗരുഷവും കരുത്തും ഉള്ളവരായിരിക്കുക; 4. സകലകാര്യങ്ങളും സ്നേഹത്തോടെ നിർവഹിക്കുക. വിശ്വാസത്തിൽ സ്ഥിരപ്പെട്ടുനില്ക്കുവാനും വിശ്വാസത്തെ അപകടപ്പെടുത്തുന്ന എല്ലാത്തിനെയുംകുറിച്ച് ജാഗരൂകരായിരിക്കുവാനും സ്നേഹത്തോടെയുള്ള ജീവിതം നയിക്കുവാനുമുള്ള നിർദേശങ്ങൾ കോറിന്തോസ് സഭയിലെ വിശ്വാസത്തകർച്ചയുടെയും സ്നേഹമില്ലായ്മയുടെയും പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതുണ്ട്.

കോറിന്തോസ് സഭയിൽനിന്ന് പൗലോസിന്റെ അടുത്തേക്കുവന്നവർ (സ്തേഫാനോസും, ഫോർത്തുനാത്തൂസും ആകായിക്കോസും) തന്നെ സന്തോഷിപ്പിച്ചുവെന്നും സഭാനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഇവരെപ്പോലുള്ളവരെ അംഗീകരിക്കണമെന്നും പൗലോസ് ആവശ്യപ്പെടുന്നു. ഇതിൽ സ്തേഫാനോസിന്റെ കുടുംബാംഗങ്ങളെ പ്രത്യേകം പരാമർശിക്കുന്നു. ദൈവജനത്തിന് തങ്ങളെത്തന്നെ പരിപൂർണമായി സമർപ്പിച്ചവരാണവർ, തന്നെ മാത്രമല്ല, തന്നോടൊന്നിച്ച് പ്രവർത്തിക്കുന്ന ശുശ്രൂഷകരെയും അനുസരിക്കണമെന്ന് പൗലോസ് ഓർമിപ്പിക്കുന്നു. ശുശ്രൂഷയിലുള്ള കൂട്ടായ്മയ്ക്ക് പൗലോസ് പ്രാധാന്യം നല്കുന്നു.

കോറിന്തോസുകാർക്ക് ഏഷ്യയിലെ സഭകളിൽനിന്നും അക്വിലാ-പ്രിസ്കാ ദമ്പതികളിൽനിന്നും അവരുടെ വീട്ടിൽ സമ്മേളിക്കുന്ന വിശ്വാസികളിൽനിന്നുമുള്ള അഭിവാദനം അറിയിക്കുന്നു (16:19-20). ആദ്യനൂറ്റാണ്ടുകളിൽ ഭവനങ്ങളിലാണ് വിശ്വാസികൾ പ്രാർഥനയ്ക്ക് സമ്മേളിച്ചിരുന്നത്. ഉദാരമതികളും സ്നേഹസമ്പന്നരുമായ വിശ്വാസികൾ തങ്ങളുടെ ഭവനങ്ങൾ പ്രാർഥനാസമ്മേളനത്തിനു വേദികളായി നല്കിയിരിക്കുന്നു. പൗലോസ് കോറിന്തോസിലെ സഭയ്ക്ക് അഭിവാദനങ്ങളർപ്പിക്കുന്നതോടൊപ്പം അവിടെയുള്ള വിശ്വാസികൾ ക്രൈസ്തവസ്നേഹത്തിന്റയും സാഹോദര്യത്തിന്റെയും പ്രതീകമായ വിശുദ്ധ ചുംബനം കൊണ്ട് പരസ്പരം അഭിവാദനം അർപ്പിക്കണമെന്ന് ഉപദേശിക്കുകയും ചെയ്യുന്നു. ആദിമസഭയിൽ വിശ്വാസികൾ പരസ്പരം ചുംബിച്ച് അഭിവാദനം അർപ്പിക്കുന്ന പതിവുണ്ടായിരുന്നു. ക്രമക്കേടുകൾ ഉണ്ടായതിനാലാവാം പിന്നീട് ഈ പതിവ് തുടർന്നില്ല.

കോറിന്തോസുകാർക്ക് താൻ അഭിവാദനമർപ്പിക്കുന്നുവെന്ന് പൗലോസ് തന്റെ സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തുന്നു. ഇത് പൗലോസിന് അവരോടുള്ള വ്യക്തിപരമായ ബന്ധം വെളിവാക്കുന്നതാണ്. പുരാതന ഗ്രീക്കു കത്തുകളിൽ കാണാറുള്ളതുപോലെ ഒരു ശാപവാക്ക് ഇവിടെ എഴുതിച്ചേർത്തിരിക്കുന്നതു ശ്രദ്ധേയമാണ്. ക്രൈസ്തവരല്ലാത്തവരുടെ മേലാണ് ഈ ശാപവാക്ക്. ഒരു പ്രാർഥനയും അനുഗ്രഹവചസും എഴുതി കത്ത് അവസാനിപ്പിക്കുന്നു.

വളരെ കാർക്കശ്യത്തോടുകൂടി വിശ്വാസവും സന്മാർഗവും സംബന്ധിച്ച് കോറിന്തോസുകാരെ ഉദ്ബോധിപ്പിച്ച പൗലോസ് സ്നേഹത്തിന്റെയും സൗമ്യതയുടെയും ഭാഷയിൽ ലേഖനം അവസാനിപ്പിക്കുകയാണ്.